ശ്രീ. കെ. ചന്ദ്രശേഖരൻ: വനനശീകരണത്തിന് ഏറ്റവുംകൂടുതൽ പ്രോൽസാഹനം കൊടുത്തിട്ടുള്ളത് വനത്തിനുള്ളിൽകൂടിയുള്ള റോഡുകളാണ്. ഗവൺമെൻറ് മുൻകാലങ്ങളിൽ വളരെ കൺസർവേറ്റീവായിരുന്നു റോഡ് വനത്തിൽകൂടി വെട്ടുക എന്നു പറയുന്നതിൽ. എന്തെങ്കിലും തൽക്കാലാവശ്യത്തിനുവേണ്ടി വനത്തിൽകൂടി റോഡ് വെട്ടേണ്ടതായി വന്നാൽ ആ ആവശ്യം കഴിഞ്ഞാൽ റോഡ് ഇല്ലാതാക്കുന്ന പരിപാടി ഗവൺമെൻറ് ചെയ്യുന്നുണ്ടോ? ഇല്ലെങ്കിൽ അത് ചെയ്യുന്നതിന് ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: പൊതുവേ ഞാൻ നേരത്തേ പറഞ്ഞു വനത്തിൽക്കൂടി റോഡ് വെട്ടുന്നത് ഇപ്പോൾ ഗവൺമെൻറ് പ്രോൽസാഹിപ്പിക്കുന്നില്ല എന്ന്. ഈ റോഡ് പ്രോജക്ട് ആവശ്യത്തിനുവേണ്ടി പ്രോജക്ട് ആളുകാരാണ് വെട്ടിയിട്ടുള്ളത്. ആ പ്രോജക്ടിന് സ്ഥിരമായിട്ട് ആവശ്യമുണ്ടോ എന്നു തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കേണ്ടത് അവരാണ്. ഇതിൽ അനധികൃതമായ സംഭവങ്ങൾ നടന്നിട്ടുണ്ട് എന്നതിന്റെ പേരിലാണ് ഇവരുടെ പേരിൽ കേസ് എടുത്തിട്ടുള്ളത്.

ശ്രീ. എ. കെ. പത്മനാഭൻ: ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെ പരിധിയിൽപ്പെടുകയില്ലെന്നു വ്യക്തമായിട്ടും പേരാമ്പ്ര പ്ലാന്റേഷൻ കോർപ്പറേഷന്റെ വികസനത്തിനുവേണ്ടി സർക്കാർ നീക്കിവച്ച ഭൂമിയിലേക്ക് പ്ലാന്റേഷൻ കോർപ്പറേഷൻ അധികൃതർ റോഡ് വെട്ടിയപ്പോൾ ഫോറസ്റ്റ് അധികൃതർ അതിനെ തടസ്സപ്പെടുത്തിയതായ വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അവിടെ ഒരു പ്രശ്നം ഉള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതേക്കുറിച്ച് പരിശോധിക്കാൻ കസ്റ്റോഡിയനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കായിക താരങ്ങൾക്ക് പാരിതോഷികങ്ങൾ

* 291 [431] ശ്രീ. ജോസ് കുറിയാനി:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, സ്റ്റീഫൻ പാടുവ:
,, കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയതലത്തിലും, അന്തർദ്ദേശീയ തലത്തിലും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന സംസ്ഥാനത്തെ കായിക താരങ്ങൾക്ക് ഗവൺമെൻറ് എന്തെല്ലാം പാരിതോഷികങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): ദേശീയ മൽസരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കേരളീയ കായികതാരങ്ങൾക്ക് താഴെ പറയുന്ന നിരക്കിൽ ക്യാഷ് അവാർഡുകൾ അനുവദിച്ചു വരുന്നു.

സീനിയർ ചാമ്പ്യൻഷിപ്പ്:

ഒന്നാം സ്ഥാനം	1,000 രൂപ
രണ്ടാം സ്ഥാനം	500 രൂപ
മൂന്നാം സ്ഥാനം	250 രൂപ

ജൂനിയർ ചാമ്പ്യൻഷിപ്പ്:

ഒന്നാംസ്ഥാനം	500 രൂപ
രണ്ടാം സ്ഥാനം	250 രൂപ
മൂന്നാം സ്ഥാനം	125 രൂപ

LIBRARY ARCHIVES Kerala Legislative Assembly

അന്തർദ്ദേശീയ—ദേശീയ—അന്തർസർവ്വകലാശാലാ—ദേശീയ സ്കൂൾ ഗെയിംസ്, ഇൻറർകൊളീജിയറ്റ്, സംസ്ഥാന മൽസരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ ഏതെങ്കിലും കരസ്തമാക്കിയ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും ടീം ഇനങ്ങളിൽ അന്തർദ്ദേശീയ—ദേശീയ—അന്തർസർവ്വകലാശാലാ—ദേശീയ സ്കൂൾ ഗെയിംസിൽ ഏതെങ്കിലും പങ്കെടുക്കുകയോ ചെയ്ത സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് അവരുടെ ആകമാന നേട്ടങ്ങൾ കണക്കിലെടുത്ത് മൂന്നു സ്ഥാനങ്ങളിൽ റാങ്ക് ചെയ്ത് സ്പോർട്ട്സ് സ് കോളർഷിപ്പ് അനുവദിച്ചുവരുന്നു. 100 രൂപ മുതൽ 400 രൂപ വരെയാണ് സ്പോർട്സ് കോളർഷിപ്പ് തുക. അന്തർദ്ദേശീയ മൽസരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കേരളീയ കായികതാരങ്ങളുടെ പ്രകടനം വിലയിരുത്തി സ്പെഷ്യൽ കാഷ് അവാർഡുകളും മറ്റു ചില ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ പ്രഗൽഭ കായിക പ്രതിഭകൾക്ക് ജി. വി. രാജാ കാഷ് അവാർഡും നൽകിവരുന്നു. 5,000 രൂപ വീതമാണ് ജി. വി. രാജാ കാഷ് അവാർഡായി നൽകിവരുന്നത്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: ജക്കാർത്തയിൽവച്ച് അഞ്ചു സ്വർണ്ണമെഡൽ നേടി അഭിമാനകരമായ പ്രകടനം കാഴ്ചവച്ച പി. ടി. ഉഷയ്ക്ക് ഒരു വീട് നിർമ്മിച്ചുകൊടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അത് നിർമ്മിച്ചു കൊടുത്തോ? ഇല്ലെങ്കിൽ അതിന്റെ സ്ഥിതി എന്തായി?

ശ്രീ. കെ. പി. നൂറുദ്ദീൻ: വീട് നിർമ്മിച്ചുകൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഒന്നാം ഘട്ടത്തിൽ എത്തിയിരിക്കുകയാണ്. പ്രവർത്തനം പുരോഗമിക്കുകയാണ്. വളരെ താമസിയാതെ ആ വീടിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: അതിന്റെ പ്രവർത്തനം കോൺട്രാക്ട് കൊടുത്തിരിക്കുകയാണോ? എങ്കിൽ ഡിപ്പാർട്ടുമെൻറ് നേരിട്ട് പണിത് വേഗം പണി തീർത്തുകൊടുക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ കെട്ടിടത്തിന്റെ പ്രവർത്തനം കരാർ കൊടുത്തിട്ടില്ല. ആ പ്രവർത്തനത്തിന്റെ ചുമതലവഹിക്കാൻ കോഴിക്കോട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു നാലംഗ കമ്മിറ്റിയെ വച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലാകളക്ടറുണ്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയറുണ്ട്, ഉഷയുടെ പിതാവുകൂടി ഇതിൽ സഹകരിക്കുന്നുണ്ട്, ലോക്കൽ എം.എൽ.എ. യും ഇതിന്റെ കമ്മിറ്റിയിൽ ഉൾപ്പെടുന്നുണ്ട്.

ശ്രീ. സ്റ്റീഫൻ പാടുവ: ഈ കായികതാരങ്ങൾക്ക് തൊഴിൽ കാര്യത്തിൽ പ്രത്യേക പരിഗണന വല്ലതും നൽകുന്നുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കായികതാരങ്ങൾക്ക് ജോലിയുണ്ടാക്കിക്കൊടുക്കുന്നതിന്റെ ഭാഗമായി വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അതിനുപുറമേ ഈ കൊല്ലംമുതൽ കേരള ഗവൺമെൻറ് നേരിട്ട് ഗവൺമെൻറ് സർവ്വീസിൽ ഓരോ വർഷവും 20 താരങ്ങൾക്കുവീതം തൊഴിൽ കൊടുക്കുവാനുള്ള പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിത്തുടങ്ങിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻ മാസ്റ്റർ: പ്രശസ്തരായ കായികതാരങ്ങൾക്ക് അന്തർദ്ദേശീയ മീറ്റിൽ പങ്കെടുക്കാൻ പോകുന്നതിനുമുമ്പ് സാധാരണ കൊടുക്കുന്ന സ്പൈപ്പൻറിനു പുറമേ പ്രോൽസാഹനപരമായി വല്ല സഹായങ്ങളും നൽകുന്നുണ്ടോ?

ശ്രീ. കെ.പി. നൂറുദ്ദീൻ: അടുത്തു നടക്കാൻപോകുന്ന അന്തർദ്ദേശീയ നിലവാരങ്ങളിലുള്ള മൽസരങ്ങളിൽ നമ്മുടെ താരങ്ങൾക്ക് നല്ല പ്രകടനം കാഴ്ച വയ്ക്കാൻ പാകത്തിൽ എന്തെല്ലാം സൗകര്യം വേണമെങ്കിലും ചെയ്തുകൊടുക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് അതിന്റെ അസോസിയേഷന്റെ ആൾക്കാരെ വിളിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ആവശ്യമായ ഏർപ്പാടുകൾ ചെയ്യാൻ അവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. രാഘവൻമാസ്റ്റർ: അത് എന്നു മുതലാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അടുത്തുവരുന്ന മൽസരങ്ങളിൽ പങ്കെടുക്കാനുള്ള തയ്യാറെടുപ്പിലാണ് അവർ. അതിന്റെ മുന്നോടിയായി എന്തെല്ലാം സഹായങ്ങൾ വേണമെന്ന് അവരോട് ചോദിച്ചിട്ടുണ്ട്. അവരിൽനിന്നും മറുപടി കിട്ടുന്ന മുറയ്ക്ക് ആവശ്യമായ ഏർപ്പാടുകൾ ചെയ്യുന്നതാണ്.

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം

* 292 [432] ശ്രീ. വർക്കല രാധാകൃഷ്ണൻ:

,, ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(സി) കമ്മീഷന്റെ ശുപാർശകൾ എന്തെല്ലാമാണ്;

(ഡി) അവ നടപ്പിലാക്കിയിട്ടുണ്ടോ?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ പ്രവർത്തനത്തെയും കേരള മിനറൽ എക്സ്പ്ലൊറേഷൻ ആൻഡ് ഡെവലപ്പ്മെൻറ് പ്രോജക്ടിന്റെ ഘടനയേയും കുറിച്ച് പഠിക്കാൻ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ റിട്ടയേർഡ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ശ്രീ. എൻ. ജി. കെ. മൂർത്തിയെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയുണ്ടായി.

(ബി) ഉണ്ട്.

(സി, ഡി) സ്പെഷ്യൽ ഓഫീസറുടെ ശുപാർശകൾ ഗവൺമെൻറ് പരിശോധിച്ചുവരികയാണ്. അതിന്റെ വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ ഭരണപരമായ കാരണങ്ങളാൽ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly